

WEDNESDAY 24-05-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S.    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–24/05/2023.

1. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയോടനുബന്ധിച്ച് ഇന്ന് ഡിപി ആർ ക്ലിനിക്കും "കുട്ടികളും കൃഷിയും നല്ലൊരു പുതുതലമുറയെ വാർത്തെടുക്കാൻ" എന്ന വിഷയത്തിൽ കാർഷിക സെമിനാറും കവിതാ രചന/കഥാരചന മത്സരവും കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

2. പി എം കിസാൻ പദ്ധതിയുടെ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനായി 2023 മെയ് 31 ന് മുൻപായി പദ്ധതി ഗുണഭോക്താക്കൾ താഴെ പറയുന്നവ പൂർത്തീകരിക്കേണ്ടതാണ്:

1.ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കുക (ആധാർ സീഡിംഗ്).

- പോസ്റ്റ് ഓഫീസിലെ ഇന്ത്യൻ പോസ്റ്റൽ പേയ്മെന്റ് ബാങ്ക് മുഖേന ആധാർ ലിങ്ക് ചെയ്ത് അക്കൗണ്ടുകൾ ആരംഭിക്കാവുന്നതാണ്.
- 2023 മെയ് 25,26,27 ദിവസങ്ങളിൽ പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.
- കർഷകൻ ആധാർ കാർഡും മൊബൈൽ ഫോണുമായി അടുത്തുള്ള/ കൃഷി ഭവൻ നിർദ്ദേശിക്കുന്ന പോസ്റ്റ് ഓഫീസിൽ എത്തുക .

2. e –KYC

- പി എം കിസാൻ പോർട്ടൽ (pmkisan.gov.in ) അക്ഷയ, സി എസ് സി തുടങ്ങിയ ജനസേവന കേന്ദ്രങ്ങൾ, കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള ആൻഡ്രോയിഡ് അപ്ലിക്കേഷൻ വഴി e -KYC ചെയ്യുക. ആധാർ കാർഡും മൊബൈൽ ഫോണും ഇതിനായി കരുതുക.
- 2023 മെയ് 22 മുതൽ മെയ് 27 വരെ അക്ഷയ കേന്ദ്രങ്ങളിൽ ഇതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുന്നു.

3. ഭൂരേഖകൾ സമർപ്പിക്കൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- റവന്യൂ വകുപ്പിന്റെ ReLIS പോർട്ടലിൽ ഭൂമി വിവരങ്ങൾ ഉള്ളവർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ നേരിട്ടോ, അക്ഷയ / പൊതുസേവന കേന്ദ്രങ്ങൾ വഴിയോ അടിയന്തരമായി ചേർക്കേണ്ടതാണ്.
- ReLIS പോർട്ടലിൽ ഭൂമി സംബന്ധിച്ച് വിവരങ്ങൾ ഇല്ലാത്തവർ, ഭൂമി വിവരങ്ങൾ ലഭ്യമാണെങ്കിലും ഇതുവരെ ഓൺലൈൻ സ്ഥലവിവരം നൽകാൻ കഴിയാത്തവർ അപേക്ഷയും 2018 - 2019 ലെയും നിലവിലെയും കരമടച്ച രസീതും നേരിട്ട് കൃഷി ഭവനിൽ നൽകി ഭൂമി സംബന്ധിച്ച വിവരങ്ങൾ പി എം കിസാൻ പോർട്ടലിൽ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-1661 എന്ന ടോൾ ഫ്രീ നമ്പരിലോ, 0471-2304022 ; 0471-2964022 എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുക.

3. സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം കനകക്കുന്നിൽ 'എന്റെ കേരളം പ്രദർശന വിപണന മേള, മൃഗസംരക്ഷണ വകുപ്പ് ഒരുക്കിയ ഓമന പക്ഷിമൃഗാദികളുടെ സ്റ്റാളുകളുടെ ഉദ്ഘാടനം മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവ്വഹിച്ചു. നിരവധി വിദേശയിനം പക്ഷികൾ, അലങ്കാരക്കോഴികൾ, അലങ്കാര തത്തകൾ സുന്ദരികളായ അനേകം കുഞ്ഞിപ്പക്ഷികൾ, വിവിധയിനം പൂച്ച കൾ എന്നിവയുടെ പ്രദർശനം ഈ മാസം 28 വരെ ഒരുക്കിയിട്ടുണ്ട്.

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം 27 ന് (27.05.2023) രാവിലെ 10 മണി മുതൽ 1 മണി വരെ "ചെറുധാന്യങ്ങളുടെ ശാസ്ത്രീയ കൃഷിമുറകൾ" എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2212279, 0466 2912008 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

5. വയനാട് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വളർത്തിയെടുത്ത രണ്ടു മാസം പ്രായമുള്ള BV380 മുട്ടക്കോഴിക്കുഞ്ഞുങ്ങൾ 200/- രൂപ നിരക്കിൽ പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10നും വൈകിട്ട് 4 നും ഇടയിൽ ലഭ്യമാണ്. പ്രതിവർഷം 300 ഓളം തവിട്ടു നിറമുള്ള മുട്ടകൾ നൽകുന്നവയാണ് ഈ കോഴികൾ. കൂടുതൽ വിവരങ്ങൾക്ക് 04936 260411, 9496930411 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


6. കൊച്ചിയിലെ കശുമാവ്, കൊക്കോ ഡയറക്ട്രേറ്റ് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രവുമായി സഹകരിച്ച് വയനാട്ടിലെ കർഷകർക്കായി ഈ മാസം 28 രാവിലെ 10 മണി മുതൽ 1 മണിവരെ "Clean Cultivation Practices in Cocoa" എന്ന വിഷയത്തിൽ ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 04936260411 എന്ന നമ്പരിൽ ബന്ധപ്പെടുക.

7. റബ്ബർമരങ്ങളിൽ ഇടവേളകൂടിയ ടാപ്പിങ് രീതികളെക്കുറിച്ചറിയാൻ നാളെ (25.05.2023) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ചോദ്യങ്ങൾക്ക് റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

8. കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ച് വരുന്ന ആടുകളെ ഇന്ന് (24.05.2023) പകൽ 11 മണിക്ക് പരസ്യ ലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം രാവിലെ 10.30 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരത ദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470302 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക


ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം